**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-NABARD RIDF XVI-മതിലകം ബ്ലോക്ക്പഞ്ചായത്ത്- എടവിലങ്ങാട് മാർക്കറ്റ് കെട്ടിട നിർമ്മാണ പ്രവൃത്തി- ബാക്കി തുക അനുവദിച്ച് ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഡി ഡി )വകുപ്പ്

**സ.ഉ.(സാധാ) നം./597/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/03/2018

പരാമർശം:- 30.11.2017 തീയതിയിലെ ഗ്രാമവികസന കമ്മീഷണറുടെ 7525/RI 2/13/CRD നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മതിലകം ബ്ലോക്ക് പഞ്ചായത്തിലെ നബാർഡ് RIDF സഹായത്തോടു കൂടിയ എടവിലങ്ങാട് മാർക്കറ്റ് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് 79.80 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി നൽകിയതെങ്കിലും പുതുക്കിയ ഭരണാനുമതി വാങ്ങാതെ 83 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയുണ്ടായെന്നും ടി പ്രവൃത്തിക്ക് ആകെ ചെലവായത് 83.08 ലക്ഷം രൂപയാണെന്നും പരാമർശ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു. ടി പ്രവർത്തിയുടെ RIDF വിഹിതം (95%) 75.81 ലക്ഷം രൂപയാണെന്നും റീഇമ്പേഴ്സ്മെന്റ് തുകയായി ആകെ 67.81 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതിനാൽ ഇനി ലഭിക്കുവാനുള്ള ബാക്കി 8 ലക്ഷം രൂപ (75.81 - 67.81) കൂടി അനുവദിച്ച് ഉത്തരവാകണമെന്ന് ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . മതിലകം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ എടവിലങ്ങാട് മാർക്കറ്റ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതി തുക 90 ലക്ഷം രൂപയാണ്. അതിൽ 10.20 ലക്ഷം രൂപ നബാർഡ് വായ്പയ്ക്ക് അർഹതയില്ലാത്തതാണ്. ടി തുകയും നബാർഡ് വായ്പയ്ക്ക് അർഹതയുള്ള 79.80 ലക്ഷം രൂപയുടെ 5% ആയ 3.99 ലക്ഷം രൂപയും പഞ്ചായത്തിൻറെ തനത് ഫണ്ടിൽ നിന്നാണ് വഹിക്കേണ്ടത്. പ്രസ്തുത പ്രവൃത്തിയുടെ 90 ലക്ഷം രൂപയുടെ ക്ലെയിം നബാർഡിൽ സമർപ്പിച്ചാൽ മാത്രമേ മുഴുവൻ വായ്പ തുകയായ 79.80 ലക്ഷം രൂപ സർക്കാരിന് ലഭിക്കുകയുള്ളൂ. എന്നാൽ ടി പ്രവൃത്തിക്ക് 82.08 ലക്ഷം രൂപയാണ് ആകെ ചെലവായത് . അതിൽ സർക്കാരിന് നബാർഡിൽ നിന്നും ആക്ചൽ റിലീസായി ലഭിച്ചത് 67.81 ലക്ഷം രൂപയും ആകെ ലഭിച്ചത് 69.78 ലക്ഷം രൂപയുമാണ് . RIDF വിഹിതമായി സർക്കാർ നൽകേണ്ട തുകയായ ( ആക്ചൽ റിലീസ് ) 67.81 ലക്ഷം രൂപ സർക്കാർ ഇതിനോടകം തന്നെ അനുവദിച്ചിട്ടുണ്ട് . എന്നിരുന്നാലും ഈ പ്രവൃത്തിയുടെ വ്യത്യസ്ഥത (Ineligible cost ഉള്ളത്) കണക്കിലെടുത്ത് സർക്കാരിന് ടി പ്രവൃത്തിക്ക് വായ്പയായി ആകെ ലഭിച്ച തുകയായ 69.78 ലക്ഷം രൂപ പരിഗണിച്ച് 1.97 ലക്ഷം രൂപ(69.78-67.81) കൂടി ടി പ്രവൃത്തിക്ക് '2515-00-197-39-35(P) NABARD Assisted RIDF Projects Undertaken by Block Panchayats -

Grants for the creation of capital assets (Plan)' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. ശേഷിക്കുന്ന തുകയായ 12.30 ലക്ഷം രൂപ പഞ്ചായത്തിൻറെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

3. ഫണ്ട് റിലീസിന് കാലതാമസം നേരിട്ടതിനാൽ അടിയന്തിരമായി തുക അനുവദിക്കുവാൻ വേണ്ട നടപടികൾ ഗ്രാമവികസന കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**A AJITH KUMAR**
**SECRETARY (RURAL)**

ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം
സെക്രട്ടറി , മതിലകം ബ്ലോക്ക് പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽഅക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ , ഐ കെ എം , തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.[illegible] 12:07:14 IST
Reason: Approved
സെക്ഷൻ ഓഫീസർ